# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3354** | **29-01-2014 ൽ മറുപടിയ്ക്ക്**

## 'ആത്മ ' പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 'ആത്മ' പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ഇതിനകം നടപ്പാക്കിയിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) കേന്ദ്ര സർക്കാർ ഇതിനായി സംസ്ഥാനത്തിന് സാമ്പത്തിക സഹായങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) 'ആത്മ' പദ്ധതി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പാക്കുന്നത്; മൃഗ-ക്ഷീര-മത്സ്യ മേഖലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) 'ആത്മ' പദ്ധതി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണം, മത്സ്യ-ക്ഷീര വികസനം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിലാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**"ആത്മ"** എന്ന പദ്ധതി കേരളത്തിലെ 14 ജില്ലകളിലും ഇപ്പോൾ നടപ്പിലാക്കി വരുന്നു. പദ്ധതി ചെലവിന്റെ 90 ശതമാനം കേന്ദ്ര സർക്കാർ വഹിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കു-തകുന്ന വിധം കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷി - മൃഗ സംരക്ഷണ-ക്ഷീരവികസന മത്സ്യ ബന്ധനം എന്നീ വകുപ്പുകളേയും കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാനകേന്ദ്രം, ഗവേ ഷണ സ്ഥാപനങ്ങൾ എന്നിവയുടേയും ഈ മേഖലയിൽ നടക്കുന്ന ശാസ്ത്ര പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളുടെയും കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെയും ഏകോപനവും സംയോജന വുമാണ് ഈ പദ്ധതിയിൽക്കൂടി വിഭാവനം ചെയ്യുന്നത്. കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകളും, അതിന്റെ പ്രയോഗ രീതികളും കർഷകരി ലേയ്ക്ക് എത്തിച്ചു കൊടുക്കുന്നതിന് പരിശീലന പരിപാടികളും പഠനയാത്രകളും, മാതൃകാ പ്രദർശനത്തോട്ടങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. കൂടാതെ ഉല്പാദന വരുമാന വർദ്ധനവിനായി വിളകളുടെയും ഉത്പ്പന്നങ്ങളുടെയും അടിസ്ഥാന ത്തിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമായി കർഷകരിൽ എത്തിക്കാനും മികച്ച പുരോഗമന കർഷകരുടെ ഫാമുകളിൽ വച്ച് അവർ അവലംബിച്ചിരിക്കുന്ന നൂതന കൃഷി രീതികൾ മറ്റു കർഷകർക്ക് പഠിപ്പിച്ചു കൊടുക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഫാം സ്കൂളുകൾ നടപ്പിലാക്കി വരുന്നു.

എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജോയിന്റ് ഡയറക്ടർ(കൃഷി) പ്രോജക്ട് ഡയറക്ടറായും കാർഷിക അനുബന്ധ വകുപ്പുകളിലെ ജില്ലാ തലവന്മാരും കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടെ പ്രതിനിധികളും അംഗങ്ങളായുള്ള സ്വയംഭരണ അധികാരമുള്ള ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നു.

ജില്ലാ **ആത്മ** സൊസൈറ്റിയുടെ കീഴിൽ എല്ലാ ബ്ലോക്കുകളിലും ഫാം ഇൻഫർമേഷൻ ആന്റ് അഡ്വൈസറി സെന്റർ പ്രവർത്തിച്ചു വരുന്നു. ഈ സെന്ററിന് 2 ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്കുതല ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ബ്ലോക്ക് ടെക്നോളജി ടീം വിവിധ കാർഷിക വിളകളുടെ പ്രതിനിധികൾ, വനിതാ കർഷകർ, കർഷക സമിതി പ്രിതിനിധികൾ, എന്നിവർ ഉൾപ്പെട്ട ഫാർമർ അഡ്വൈസറി കമ്മിറ്റിയുമാണ് ഇപ്രകാരം രൂപീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ